ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

നിയമപ്രകാരം തയ്യാറാക്കി അക്കൌണ്ടൻറ് ജനറൽ ആഡിറ്റ് ചെയ്ത കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾ പ്രകാരം 1967–68 മുതൽ 1977–78 വരെ എല്ലാവർഷവും നഷ്ടമായിരുന്നു എന്നതാണ് വസ്തുത. ഈ പതിനൊന്നു വർഷത്തെ ആകെ നഷ്ടം 24,03,48,165.07 (24 കോടി മുപ്പത്തിമൂന്നു ലക്ഷത്തി അൻപത്തിയെട്ടിനായിരം) രൂപയാണ്. കണക്കുകൾ പൂർണ്ണമായി തയ്യാറാക്കിക്കഴിഞ്ഞിട്ടില്ലെങ്കിലും 1978–79-ലും നഷ്ടമാണ്.

കെ. എസ്. ആർ. ടി. സി. യുടെ മാസികയായ ട്രാൻസ്പോർട്ട് വ്യൂവിൻറെ ജൂലൈ ലക്കത്തിൽ അന്നത്തെ ജനറൽ മാനേജർ അക്കൌണ്ടിംഗ് രീതിയുടെ പ്രത്യേകത അല്പകാലം രണ്ടുകോടി രൂപ 1978–79-ൽ ലാഭം കാണിക്കാൻ കഴിയുമായിരുന്നു എന്നു പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത മാസികയുടെ ആഗസ്റ്റ് ലക്കത്തിൽ നഷ്ടത്തിൻറെ കാരണങ്ങളും അദ്ദേഹം തന്നെ വിശകലനം ചെയ്തിട്ടുണ്ട്. സർച്ചാർജ്ജ് ഗവൺമെൻറിൻറെ മുതൽ മുടക്കിൻമേൽ കൊടുക്കാനുള്ള പലിശ, വിദ്യാർത്ഥികൾക്ക് യാത്രാ സൌജന്യം നൽകുന്നതു മൂലമുള്ള നഷ്ടം എന്നീ ഇനങ്ങളിൽ യഥാക്രമം രണ്ടരക്കോടി രൂപ, ഒന്നരക്കോടി രൂപ, രണ്ടരക്കോടിരൂപാ അങ്ങനെ ആറു കോടി രൂപ നഷ്ടത്തിൽനിന്നും ഒഴിവാക്കിയാൽ നാലുകോടി രൂപ ലാഭമാണെന്നാണ് അദ്ദേഹത്തിൻറെ കണക്ക്. ഇതിൽനിന്നും പ്രസ്തുത വർഷത്തെ പ്രവർത്തനം നഷ്ടത്തിലായിരുന്നു എന്നു വ്യക്തമാണ്.

പൊതുമേഖലയിലെ പുതിയ വ്യവസായ യൂണിറ്റുകൾ

*109 [118] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ പൊതുമേഖലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പ്മെൻറ് കോർപ്പറേഷൻറെ കീഴിൽ, കൺട്രോൾ ഇൻസ്ട്രുമെൻറേഷൻ പ്രോജക്ട് എന്ന യൂണിറ്റ് ആലപ്പുഴയിലെ അരൂർ എന്ന സ്ഥലത്തും. കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻറെ കീഴിൽ, നീ ഫാക്ടറി പ്രോജക്ട് എന്ന യൂണിറ്റ് കൊല്ലം ജില്ലയിലെ പെരുമൺ എന്ന സ്ഥലത്തും, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരളാ ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിൽ മൂന്നു യൂണിറ്റുകൾ—(1) ഷിപ്പ് ബ്രേയ്ക്കിംഗ് യൂണിറ്റ്—കോഴിക്കോട് ജില്ലയിലെ ഏബപ്പുരും; (2) സ്ട്രക്ച്ചറൽ ഫാബ്രിക്കേഷൻ യൂണിറ്റ് ആലപ്പുഴ ജില്ലയിലും മാരാരിക്കുളം വില്ലേജിലും; (3) സ്റ്റീൽ ഫോർജിംഗ്സ് യൂണിറ്റ് തൃശ്ശൂർ ജില്ലയിലെ അത്താണിയിലും; കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എൻറർപ്രൈസസ് എന്ന ഹോൾഡിംഗ് കമ്പനിയുടെ കീഴിലുള്ള സബ് സിഡിയറി കമ്പനികളിലും; ജേർണിൽ ലൂബ്രിക്കേറ്റിംഗ് പാഡ്സ തിരുവനന്തപുരം റബ്ബർ വർക്സിലും; ഡക്കറേറ്റീവ് വെനീർ പ്രോജക്ട് പുനലൂരിലെ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൻറെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലും; വൈറ്റമിൻ-എ, ഇൻസുലിൻ, അസുപിരിൻ എന്നീ പ്രോജക്ടുകളും ആലപ്പുഴ ജില്ലയിലെ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് എന്ന കമ്പനിയുടെ കീഴിലും; സൂപ്പർ ക്ലേസ്ആൻഡ് മിനറൽസ്, ഗ്ലേസ്ഡ് ടൈൽസ് ആൻഡ് പൈപ്പ്സ് എന്നീ യൂണിറ്റുകളും കണ്ണൂർ ജില്ലയിലും തുടങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ട്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

*110 [119] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷനു ഇപ്പോൾ എത്ര കപ്പലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷനു ഇപ്പോൾ സ്വന്തമായി കപ്പലുകൾ ഇല്ലെങ്കിൽ കോർപ്പറേഷൻ തുടർന്നു പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ;

(സി) കോർപ്പറേഷൻ തുടർന്നു കപ്പലുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കോർപ്പറേഷനിൽ ഇപ്പോൾ എത്ര ഉദ്യോഗസ്ഥൻമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കൈരളി കാണാതായതിനെ തുടർന്നു കോർപ്പറേഷനിലെ ജീവനക്കാർക്ക് നാളിതുവരെ എത്ര രൂപ ശമ്പളമിനത്തിൽ നൽകിയിട്ടുണ്ട്?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കേരളാ ഷിപ്പിംഗ് കോർപ്പറേഷന്റെ ഏകകപ്പലായ കൈരളി 3-7-1979 മുതൽ കാണാതായതിനെത്തുടർന്നു കോർപ്പറേഷനു ഇപ്പോൾ കപ്പലുകൾ ഒന്നുമില്ല.

(ബി) കോർപ്പറേഷന്റെ ഏക കപ്പലായ കൈരളി നഷ്ടപ്പെട്ടുവെന്ന കാരണം കൊണ്ടുമാത്രം കോർപ്പറേഷന്റെ പ്രവർത്തനം അവസാനിപ്പിക്കണമെന്നു പറയുന്നത് ശരിയല്ല. കോർപ്പറേഷൻ വ്യക്തമായ ഉദ്ദേശലക്ഷ്യത്തോടുകൂടി ആരംഭിച്ച ഒരു സ്ഥാപനമെന്ന നിലയിൽ ആരംഭദശയിലുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ അതിജീവിച്ച് ഉദ്ദേശപ്രാപ്തിക്കുവേണ്ടി കോർപ്പറേഷൻ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കൈരളിയുടെ നഷ്ടം ഷിപ്പിംഗ് കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം വലിയ ഒരാഘാതമാണ്. ഇത്തരുണത്തിൽ കോർപ്പറേഷന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(സി) ചോദ്യം ബി-യുടെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ കോർപ്പറേഷന്റെ ഭാവി എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ ഒരന്തിമ തീരുമാനമായതിനുശേഷമേ തുടർന്നു കപ്പലുകൾ വാങ്ങണമോ എന്നതു തീരുമാനിക്കാൻ നിർവ്വാഹമുള്ളൂ.

(ഡി) കോർപ്പറേഷൻ ആഫീസിൽ 18 ജീവനക്കാരുള്ളതിൽ സെക്രട്ടറിയുടേയും ജനറൽ മാനേജരുടേയും തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു കഴിച്ച് ബാക്കി 16 ജീവനക്കാരും കപ്പൽ ജോലിക്കാരിൽ അവകാശാവധിയിൽ കഴിയുന്ന 5 പേരും ഉൾപ്പെടെ ഇപ്പോൾ ആകെ 21 ജീവനക്കാരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly